# BSNL എക്സിക്യൂട്ടീവ് - നോൺ എക്സിക്യൂട്ടീവ് സംഘടനകളുടെ സംയുക്തവേദി എറണാകുളം ടെലികോം ജില്ല

## സർക്കുലർ

നമ്പർ: BSNL FORUM/EKM/2013

തീയതി: 05-02-2013

2013 ജനുവരി 31ന് BSNLEU എറണാകുളം ലോക്കൽ കൗൺസിൽ ഓഫീസിൽവച്ച് ജില്ലാ ചെയർമാൻ ശ്രീ. പി. പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംയുക്തവേദി ജില്ലാ കമ്മിറ്റിയോഗം, മുൻ പ്രക്ഷോഭങ്ങളെ സംബന്ധിച്ച് അവലോകനം ചെയ്യുകയുണ്ടായി. 2012 ജൂൺ 12ന് BSNL മാനേജ്മെന്റും സംഘടനാനേതാക്കളും തമ്മിൽ നടന്ന ചർച്ചയിലെ 78.2 ശതമാനം IDA 2007 ജനുവരി 1ന്റെ അടിസ്ഥാനശമ്പളത്തിൽ ലയിപ്പിച്ച് ശമ്പളം പുനർനിർണ്ണയിക്കാമെന്ന തീരുമാനം നടപ്പിലാക്കാതെ നീട്ടിക്കൊണ്ടുപോകുകയാണ്. ഒത്തുതീർപ്പു വ്യവസ്ഥ അടിയന്തിരമായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ഘടകസംഘടനകളുടെ ജില്ലാ സെക്രട്ടറിമാർ DOT സെക്രട്ടറി, കമ്യൂണിക്കേഷൻ മന്ത്രി, BSNL CMD എന്നിവർക്ക് 28.01.2013ന് സേവിങ്ങ്ഗ്രാം അയച്ച കാര്യം റിപ്പോർട്ട് ചെയ്യപ്പെട്ടു. അഖിലേന്ത്യാ തലത്തിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള തുടർപ്രക്ഷോഭങ്ങൾ ജില്ലയിൽ വിജയകരമായി നടപ്പാക്കുന്നതിന് യോഗം താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

### 1. ഫെബ്രുവരി 11 ഓഫീസുകൾക്കും എക്സ്ചേഞ്ചുകൾക്കും മുമ്പിൽ പ്രകടനം

എറണാകുളം BSNL ഭവൻ, CTO ബിൽഡിങ്ങ്, പാലാരിവട്ടം, പനമ്പിള്ളി നഗർ, ബോട്ട്ജെട്ടി ടെലഫോൺ എക്സ്ചേഞ്ച്, കൊച്ചി, തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, തൊടുപുഴ, പെരുമ്പാവൂർ, ആലുവ, പറവൂർ, കളമശ്ശേരി എന്നീ കേന്ദ്രങ്ങളിൽ സംയുക്ത പ്രകടനങ്ങൾ സംഘടിപ്പിക്കുക.

### 2. ഫെബ്രുവരി 15 കൂട്ടധർണ്ണ - BSNL ഭവൻ

രാവിലെ 10 മുതൽ 1 മണിവരെ എറണാകുളം BSNL ഭവനുമുമ്പിൽ കൂട്ടധർണ്ണ നടത്തുക. താഴെ പറയുന്ന ക്വാട്ടയിൽ കുറയാത്ത പങ്കാളിത്തം ഉറപ്പുവരുത്തുക.

BSNLEU - 50; SNEA - 20; AIBSNLEA - 15; BSNL MS-5; NFTE BSNL - 5; SEWA BSNL - 5

ആവശ്യങ്ങൾ അടങ്ങുന്ന ബോർഡുകൾ എല്ലാ പ്രധാന ഓഫീസുകൾക്കും എക്സ്ചേഞ്ചുകൾക്കും മുമ്പിൽ പ്രദർശിപ്പിക്കുക.

പി. പ്രകാശ്
ജില്ലാ ചെയർമാൻ

എ. പി. ഹണികുമാർ
ജില്ലാ കൺവീനർ